# COMMON PRE-BOARD EXAMINATION 2023-24

## Subject: MALAYALAM (മലയാളം) (012)

### Class X

**Time: 3 Hrs.** **Max. Marks: 80**

അനുവദിച്ച സമയം: 3 മണിക്കൂർ ആകെ മാർക്ക്:80

***General Instructions:***

**Read the following instructions carefully:**

- **Please check that this question paper contains 11 printed pages.**
- **Please check that this question paper contains 9 questions.**
- **This question paper is divided into two sections:**

**Section A:** Reading Comprehension (V.S.A.Q), Vocabulary Building: Prose & Poetry (M.C.Q) – 40 Marks

**Section B:** Grammar, Composition, Literature (Prose, Poetry & Supplementary) – 40 Marks.

- **Please write down the Serial Number of the question before attempting it.**

---

## എ വിഭാഗം / Section – A

1. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ശരിയുത്തരം എടുത്തെഴുതുക. (ഓരോന്നിനും 1 മാർക്കു വീതം) **(8x1= 8)**

സാമൂഹിക പരിഷ്കരണത്തിനും നവോത്ഥാനത്തിനും അനുയോജ്യമായ ഒരു നൂതന കവിതാപ്രസ്ഥാനം തന്നെ ഉദ്ഘാടനം ചെയ്തുകൊണ്ടാണ് കുഞ്ചൻ നമ്പ്യാർ കാവ്യലോകത്തേക്കു കടന്നുവന്നത്. ചുററുപാടും കണ്ട അസംസ്കൃതങ്ങളും അപൂർണ്ണങ്ങളുമായ ജനകീയ ഗാനരീതികളിൽ നിന്നും സമുചിതമെന്ന് തോന്നിയവയെ തെരഞ്ഞെടുത്തു പരിഷ്കരിച്ച് 'തുള്ളൽ' എന്ന നവ്യവും ചൈതന്യവുമായ ഒരു കവനകലാശില്പം നമ്പ്യാർ മെനെഞ്ഞെടുത്തു. ജനസാമാന്യത്തിനു രസകരമായ രീതിയിലായിരുന്നു നമ്പ്യാർ കവിത രചിച്ചത്. അന്നത്തെ ദൃശ്യകലകളായ കൂത്തും കൂടിയാട്ടവും കഥകളിയുമെല്ലാം ഉയർന്ന സമുദായങ്ങളെ പ്രതിനിധാനം ചെയ്ത് നിലകൊണ്ടിരുന്ന കാലത്ത് 'സാധാരണ ജനതയുടെ കല' എന്നനിലയിലാണ് തുള്ളൽ

പ്രസ്ഥാനം കടന്നു വന്നത്. ആളുകളെ കുടുകുടെ ചിരിപ്പിക്കുന്ന ഫലിതം, അവരെ കർത്തവ്യോന്മുഖരാക്കുന്ന പരിഹാസം, സാമൂഹിക വിമർശനം, അവർക്കു ആലോചനാമൃതം ആകുന്ന ഭാഷ, ആധ്യാത്മികതയും ലൗകികതയും നിറഞ്ഞ പുരാണ കഥാഖ്യാനം ഇവയെല്ലാം വളരെവേഗം തുള്ളൽ പ്രസ്ഥാനത്തെ ജനകീയമാക്കി. സാമൂഹിക ജീവിതത്തിന്റെ വൈചിത്ര്യങ്ങൾ, അധികാരി വർഗത്തിന്റെ കൊള്ളരുതായ്മകൾ, സ്വജനപക്ഷപാതം, ബ്രാഹ്മണ്യത്തിന്റെ ദുഃസ്വാതന്ത്ര്യം, ഉദ്യോഗസ്ഥന്മാരുടെ അഴിമതി, രാജസേവ, പടയാളികളുടെ അലസത, തുടങ്ങി എന്തിനേയും പരാമർശിക്കുകയും വേണ്ടവയെ പരിഹസിക്കുകയും ചെയ്തു. ഏതു വിഷയവും ഹാസ്യാത്മകമായി അവതരിപ്പിക്കാൻ നമ്പ്യാർക്ക് സവിശേഷമായ പാടവം തന്നെയുണ്ട്. 'ഘോഷയാത്ര'യിൽ ചിത്രസേനനോടേററുമുട്ടി പിന്തിരിഞ്ഞോടുന്ന കൗരവസൈന്യത്തിന്റെ ചെയ്തികളും 'സഭാപ്രവേശത്തിൽ' ചന്തത്തിലുള്ളൊരു 'പട്ടുമുയർത്തി കുന്തിച്ചു കുന്തിച്ചുള്ള' ദുര്യോധനന്റെ യാത്രയും 'ബാലി വിജയത്തിൽ' ബാലിയുടെ 'ലാംഗുല'ത്തിൽ പെട്ടു ചെണ്ടപിണഞ്ഞ രാവണന്റെ അവസ്ഥയും ഫലിത പ്രിയമാണ്. ഇതിഹാസ കഥാപാത്രങ്ങളെ മാത്രമല്ല അമളികൾ പററാവുന്ന എല്ലാ 'വമ്പന്മാ'രേയുമാണ് നമ്പ്യാർ തുള്ളലിലൂടെ പരിഹസിക്കുന്നത്.

ചോദ്യങ്ങൾ:

(a) തുള്ളൽ കൃതികളുടെ മുഖ്യമായ ലക്ഷ്യം എന്തൊക്കെയായിരുന്നു?

(b) 'സാധാരണ ജനതയുടെ കല' എന്ന നിലയിൽ പ്രശസ്തിയാർജ്ജിച്ചത് എന്ത്?

(c) ആർക്ക് രസകരമായ രീതിയിലായിരുന്നു നമ്പ്യാർ കവിത രചിച്ചത്?

(d) 'തുള്ളൽ' എന്ന നവ്യവും ചൈതന്യവുമായ ഒരു കവനകലാശില്പം മെനെഞ്ഞെടുത്തതാര്?

(e) ബാലിയുടെ 'ലാംഗുല'ത്തിൽ പെട്ടു ചെണ്ടപിണഞ്ഞ കഥാപാത്രം ഏത്?

(f) നമ്പ്യാർക്ക് ഉണ്ടായിരുന്ന സവിശേഷമായ പാടവം എന്ത്?

(g) ചിത്രസേനനോടേററുമുട്ടി പിന്തിരിഞ്ഞോടുന്നതാര്?

(h) 'ചന്തത്തിലുള്ളൊരു പട്ടുമുയർത്തി കുന്തിച്ചു കുന്തിച്ചുള്ള ദുര്യോധനന്റെ യാത്ര' വർണ്ണിക്കുന്ന തുള്ളൽ കൃതി ഏത്?



CamScanner

2. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ശരിയുത്തരം എടുത്തെഴുതുക. (ഓരോന്നിനും 1 മാർക്കു വീതം) (7x1= 7)

താളം, വർണം, ശബ്ദം, രൂപം എന്നിവയിൽപ്പെട്ട് കലകൾ പരസ്പര ബന്ധിതങ്ങളാകുന്നു. എല്ലാ കലകളും ജീവിതവുമായി ബന്ധപ്പെട്ടതാണ് ജീവിതത്തോടുള്ള പ്രതികരണമായോ ജീവിതത്തോടുള്ള സങ്കല്പമായോ ആണ് കലകൾ പിറന്നു വീഴുന്നത്. എല്ലാ കലകളും അനുഭൂതി പ്രദാനം ചെയ്യുന്നു. സംഗീതത്തിലും സാഹിത്യത്തിലും ചിത്രകലയിലുമെല്ലാം ഉപയോഗിക്കുന്ന സങ്കേതങ്ങൾ വ്യത്യസ്ത-മാണെങ്കിലും അവ പ്രദാനം ചെയ്യുന്ന അനുഭൂതിയ്ക്കു സമാനതയുണ്ട്. അനുഭൂതി ജനിക്കുന്നത് കലയുടെ ചാർച്ചയിലൂടെയും ചേർച്ചയിലൂടെയുമാണ്. ഒരു കലയും തനതായി നിന്നുകൊണ്ട് അനുഭൂതി ജനിപ്പിക്കുകയില്ല. എല്ലാ കലകളും പാരസ്പര്യ രൂപത്തിൽ നിൽക്കുന്നു. അവ പരസ്പര പൂരകങ്ങളാണ്. സംഗീതത്തിന് സാഹിത്യം, സാഹിത്യത്തിന് ചിത്രം, ചിത്രത്തിന് സംഗീതം ഇങ്ങനെ ഒരു കലയിലെ സങ്കേതങ്ങളെ മറ്റൊരു കല സ്വീകരിക്കുന്നു. കാരണം രസാനുഭൂതിയെ ആസ്വാദകനിൽ എത്തിക്കുക എന്നതാണ് കലകളുടെ ധർമ്മം. എല്ലാ കലകളുടെയും പ്രഭവം ഭാവനാജന്യമായ രൂപകല്പനയിലാണ്. ഒന്നാമതായി ധ്യാനം, പിന്നെ രൂപകല്പന, തദനന്തരം നിർമ്മാണം. ധ്യാനത്തിൽ അന്തർലീനമായ മനസ്സ് സൃഷ്ടിക്കു പാകമാകുന്നു. കലാകാരൻ തന്റെ സൃഷ്ടിക്ക് അനുയോജ്യമായ മാധ്യമമാണ് തെരഞ്ഞെടുക്കുന്നത്. ആ മാധ്യമം ആലേഖ്യം, പ്രതിമാനിർമ്മാണം, നൃത്തം, സംഗീതം, സാഹിത്യം, തുടങ്ങിയ ഏതെങ്കിലുമാകാം. ഒരു കലാരൂപത്തിന്റെ ദർശനം, ഓർമ്മ ഇവയൊക്കെ മറ്റൊരു കല ജന്മം എടുക്കുന്നതിനു കാരണമാകുന്നു. താനം, താളം, ലയം, ഇവ മൂന്നുമാണ് സംഗീതത്തിന്റെ അടിസ്ഥാനം. രാഗങ്ങൾക്കും താളങ്ങൾക്കും മനുഷ്യമനസ്സുമായി ബന്ധമുണ്ട്. ഇവ രണ്ടും കൊണ്ട് അനേക രൂപവിധാനങ്ങൾ നിർമ്മിക്കാൻ കഴിയും. സംഗീതത്തിന്റെ ഈ രൂപനിർമ്മാണക്ഷമത കൊണ്ടാണ് അതിലൂടെ ഭാവങ്ങൾ പകരാൻ കഴിയുന്നത്. സംഗീതത്തിലെ ഈ രൂപസംവിധാനത്തിന്റെ മറ്റൊരു ആവിഷ്കാരമാണ് കവിതയിലെ ഛാന്ദസീകരണവും വൃത്തവും. കമ്പി മുറുക്കിക്കെട്ടിക്കൊണ്ടു വീണ വായിച്ചാലെ അതിൽനിന്നും സംഗീതം ഉണ്ടാകുകയുള്ളൂ. ഈ കമ്പി മുറുക്കമാണ് കവിതയിലെ വൃത്തം. പദ്യത്തിന്റെ താളം ക്രമബദ്ധമാണ്. പദ്യം പോലെ തന്നെ ഗദ്യത്തിനും ഒരു താളമുണ്ട്. പക്ഷേ അതു ക്രമബദ്ധമല്ല. അഴകുള്ള ലഘുവാക്യങ്ങളിൽ കൂടിയും ആഖ്യാനതന്ത്രങ്ങളിൽ കൂടിയും ഗദ്യം കാവ്യഗുണമുള്ളതായിത്തീരുന്നു.



CamScanner

ഒരു ഖണ്ഡികയിലെ ഗദ്യത്തിൽത്തന്നെ പലവിധ വാക്യരചനാ രീതികൾ കാണും. അവിടെയാണ് ഗദ്യത്തിലെ താളം. ചൂർണികാവാക്യം, സങ്കീർണ്ണവാക്യം, മഹാവാക്യം എന്നിവ സമുചിതമായിച്ചേർത്ത ഗദ്യകൃതികൾ രസം ജനിപ്പിക്കുന്നതാണ്.

ചോദ്യങ്ങൾ:

(a) എല്ലാ കലകളുടെയും ധർമ്മമെന്ത്?

(b) എങ്ങനെയാണ് അനുഭൂതി ജനിക്കുന്നത്?

(c) സംഗീതത്തിൻെറ അടിസ്ഥാനം എന്തൊക്കെയാണ്?

(d) സംഗീതത്തിലൂടെ ഭാവങ്ങൾ പകരാൻ കഴിയുന്നതെങ്ങനെ?

(e) എങ്ങനെയുള്ള ഗദ്യകൃതികൾ ആണ് രസം ജനിപ്പിക്കുന്നത്?

(f) കലകൾ പിറന്നു വീഴുന്നത് എങ്ങനെ?

(g) ഗദ്യം കാവ്യഗുണമുള്ളതായിത്തീരുന്നതെങ്ങനെ?

3. താഴെ കൊടുത്തിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും എഴെണ്ണത്തിന് ശരിയുത്തരം എടുത്തെഴുതുക. (ഓരോന്നിനും 1 മാർക്കു വീതം) (7x1= 7)

(a) മിന്നൽ – ഈ പദത്തിൻെറ ശരിയായ പര്യായപദം എടുത്തെഴുതുക.

a. പാവകൻ b. അനിലൻ

c. സൗദാമിനി d. ഖദ്യോതം

(b) സിംഹം എന്ന പദത്തിൻെറ എതിർലിംഗം എന്താണ്?

a. സിംഹ b. സിംഹി

c. സിംഹിണി d. സിംഹൻ

(c) ദിഷ്ടം എന്ന പദത്തിൻെറ ശരിയായ അർഥം ഏത്?

a. ദൃഷ്ടം b. ഭാഗ്യം

c. ദർശനം d. തീരം

(d) പ്രമാദം – പ്രമോദം ഇവയുടെ അർത്ഥവ്യത്യാസം ഏതാണ്?

a. ബോധം - തെറ്റ് b. തെറ്റ് - സന്തോഷം

c. വ്യത്യാസം - സന്തോഷം d. തെറ്റ് - വ്യത്യാസം

(e) സുഖോദയം എന്ന പദം വിഗ്രഹിക്കുന്നത് എങ്ങനെ?

a. സുഖമാകുന്ന ഉദയം b. സുഖവും ഉദയവും

c. സുഖത്തിൻെറ ഉദയം d. സുഖമായ ഉദയം



CamScanner

(f) പക്ഷം എന്ന പദത്തിന്റെ നാനാർഥ പദമല്ലാത്തത് ഏത്?

a. നിമിഷം　　b. ചിറക്

c. വശം　　d. ഇഷ്ടം

(g) 'ചിരകാലം ജീവിക്കുന്നവൻ' എന്നതിന്റെ ശരിയായ ഒറ്റപ്പദം ഏത്?

a. അശ്വത്ഥാമാവ്　　b. വ്യാസൻ

c. ഹനുമാൻ　　d. ചിരഞ്ജീവി

(h) പൂരിതാഭ എന്ന പദം പിരിച്ചെഴുതുന്നത് എങ്ങനെ?

a. പൂരിതം + ആഭ　　b. പൂരിത് + ആഭ

c. പൂരിത + ആഭ　　d. പൂരിദ് + ആഭ

(i) അജ്ഞാതം എന്നതിന്റെ വിപരീതപദം ഏത്?

a. അനജ്ഞാതം　　b. ജ്ഞാതം

c. വിജ്ഞാതം　　d. ജ്ഞാനം

(j) തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക.

a. സ്വപ്രത്യസ്ഥൈര്യം　　b. സ്വപ്രത്യൈയസ്ഥൈര്യം

c. സ്വപൃത്യയസ്ഥൈര്യം　　d. സ്വപ്രത്യയസ്ഥൈര്യം

4. താഴെ കൊടുത്തിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഒമ്പതെണ്ണത്തിന് ശരിയുത്തരം എടുത്തെഴുതുക. (ഓരോന്നിനും 2 മാർക്കു വീതം) (9x2= 18)

(a) 'കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി.'

i. ചുറ്റിമുറുകിയതായി അനുഭവപ്പെട്ടതെന്ത്?

a. വീട്ടിൽ നിന്നുയർന്ന നിലവിളി　　b. അപരിചിതന്റെ സംഭാഷണം

c. പാറാവുകാരന്റെ ചോദ്യങ്ങൾ　　d. നീലിയുമായുള്ള സംഭാഷണം

ii. എവിടെവച്ചാണ് ഇങ്ങനെ ഒരു അനുഭവം ഉണ്ടായത്?

a. വീട്ടിൽ വച്ച്　　b. ഗ്രാമത്തിൽ വച്ച്

c. ജയിലിൽ വച്ച്　　d. തീവണ്ടിയാപ്പീസിൽ വച്ച്

(b) 'ആറാട്ടുകുന്നിന്റെ ചരിത്രത്തിൽ ഒരു സംഭവം തന്നെയായിരുന്നു.'

i. എന്തായിരുന്നു ആ ചരിത്ര സംഭവം?

a. മത്തായി കടം കൊടുക്കാൻ തുടങ്ങിയത്

b. തയ്യൽക്കടയിൽ റേഡിയോ പ്രവർത്തിച്ചു തുടങ്ങിയത്

c. ആശുപത്രി പ്രവർത്തനം ആരംഭിച്ചത്

d. ചാക്കുണ്ണി ബസ്സിൽ യാത്ര ചെയ്തത്



CamScanner

ii. ഈ സന്ദർഭം ഉൾക്കൊള്ളുന്ന പാഠഭാഗം ഏത് സാഹിത്യവിഭാഗത്തിൽ പെടുന്നു?

a. നോവൽ b. ലേഖനം

c. ആത്മകഥ d. ചെറുകഥ

(c) 'ഞാനിന്നു ഇന്ദ്രനെപ്പോലെയായി, നിങ്ങൾക്കു നല്ലതു വരട്ടേ സ്വസ്തി. ഇനി സ്വർഗ്ഗത്തിൽ കാണാം.'

i. 'ഇന്ദ്രനെപ്പോലെയായി' എന്നു തോന്നിയതെപ്പോൾ?

a. ധൃഷ്ടദ്യുമ്നനും പാഞ്ചാലരുമൊക്കെ വധിക്കപ്പെട്ടു എന്നു കേട്ടപ്പോൾ

b. ശിബിരത്തിൽനിന്നു പുറത്തു ചാടി ഓടാൻ ചെന്നവരെ കൊന്നുവീഴ്ത്തി എന്നു കേട്ടപ്പോൾ

c. ശിഖണ്ഡിയെ കൊന്നു എന്നു കേട്ടപ്പോൾ

d. സഞ്ജയൻ കാണാൻ വന്നപ്പോൾ

ii. 'ഇന്ദ്രനെപ്പോലെയായി' എന്നു തോന്നിയ ധാർത്തരാഷ്ട്രജ്യേഷ്ഠൻ വിരുദ്ധാർത്ഥമായ രണ്ടു പേരുകളിലാണ് മഹാഭാരതത്തിൽ അറിയപ്പെടുന്നത്. ഏതൊക്കെയാണ് ആ രണ്ടു പേരുകൾ?

a. സുയോധനൻ – യുധിഷ്ഠിരൻ b. ദുര്യോധനൻ – ദുശ്ശാസനൻ

c. സുയോധനൻ – ദുര്യോധനൻ d. ദുശ്ശാസനൻ – സുയോധനൻ

(d) 'ചുറ്റുപാടുമുള്ള യാത്രക്കാർ അപ്പോൾ അയാളെ ആദരവോടെ നോക്കി.'

i. ആരെയാണ് നോക്കിയത്?

a. ചെമ്പുമത്തായിയെ b. ചാക്കുണ്ണിയെ

c. കണ്ടക്ടർ സുകുമാരനെ d. വെള്ളായിയപ്പനെ

ii. എന്തുകൊണ്ടാണ് യാത്രക്കാർ അങ്ങനെ നോക്കിയത്?

a. റേഡിയോ വാങ്ങണം എന്നു പറഞ്ഞപ്പോൾ

b. ആശുപത്രിയലേക്കാണ് പോകുന്നതെന്നു പറഞ്ഞപ്പോൾ

c. മലയാറ്റൂര് പോകുന്നവെന്ന് പറഞ്ഞപ്പോൾ

d. ജയിലിലേക്കുള്ള വഴി ചോദിച്ചപ്പോൾ



CS CamScanner

(e) "ചക്ഷുശ്രവണഗളസ്ഥമാം ദർദ്ദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലാഹിനാ പരിഗ്രസ്ഥമാം ലോകവു-
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു."

i. 'കാലാഹിനാ' എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

a. കാലഹരണപ്പെട്ട ജീവിതരീതിയാൽ b. കാലമാകുന്ന പാമ്പിനാൽ

c. കാലമാകുന്ന ഈശ്വരനാൽ d. കാലത്തിന്റെ മാറ്റം

ii. ആര് ആർക്ക് കൊടുക്കുന്ന തത്ത്വോപദേശമാണ് മുകളിൽ കൊടുത്തിരിക്കുന്നത്?

a. ശ്രീരാമൻ ലക്ഷ്മണന് കൊടുക്കുന്നത്

b. ശ്രീകൃഷ്ണൻ അർജ്ജുനന് കൊടുക്കുന്നത്

c. വാല്മീകി ശ്രീരാമന് കൊടുക്കുന്നത്

d. വ്യാസൻ ദ്രൗണിക്ക് കൊടുക്കുന്നത്

(f) 'നാളേക്കു വേണ്ടി ഉറങ്ങാൻ ശ്രമിക്കുന്നു.'

i. ആരാണ് ഉറങ്ങാൻ ശ്രമിക്കുന്നത്?

a. തെരുവുപട്ടികൾ b. പെരുമാൾ

c. വൃദ്ധയായ അമ്മ d. തെരുവീഥികൾ

ii. എവിടെയാണ് ഉറങ്ങാൻ ശ്രമിക്കുന്നത്?

a. ആകാശഗോപുരങ്ങൾക്കു താഴെ b. ജില്ലാശുപത്രിയിൽ

c. ദേവാലയത്തിൽ d. വിദ്യാലയമുറ്റത്ത്

(g) "ധീരനായ യതി നോക്കി തന്വിതൻ
ഭൂരിബാഷ്പപരിപാടലം മുഖം
പൂരിതാദരയോടുഷസ്സിൽ മഞ്ഞുതൻ-
ധാരയാർന്ന പനിനീർസുമോപമം"

i. ധീരനായ യതി ആരാണ്?

a. മദനൻ b. ദിവാകരൻ

c. സൂര്യൻ d. ഉഷസ്സ്



CamScanner

ii. നളിനിയുടെ മുഖത്തെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?

a. നിലാവിനോട് b. മഞ്ഞുതുള്ളിയോട്

c. താമരപ്പൂവിനോട് d. പനിനീർപ്പൂവിനോട്

(h) 'പഴയൊരു പുള്ളുവനാണല്ലോ ഞാൻ'

i. പുള്ളുവൻെറ കൈയിൽ കൊഞ്ചലോടെ ചാഞ്ഞു കിടക്കുന്ന പ്രിയമകൾ ആരാണ്?

a. വീണപ്പെണ്ണ് b. പുള്ളുവത്തി

c. ചെറുകന്യക d. ഗ്രാമപ്പെൺകൊടി

ii. പുള്ളുവൻ പാട്ട് പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു പാട്ടാണെന്ന് പഴിക്കുന്നതാര്?

a. പഴമക്കാർ b. ഉണ്ണികൾ

c. പരിഷ്കാരത്തിൻ തിണ്ണയിലുള്ളവർ d. മഹാബലിമന്നൻ

(i) "ആളുകളോട് മാറിനിൽക്കാൻ ചാക്കുണ്ണിക്കു പറയേണ്ടി വന്നു."

i. എന്തുകൊണ്ടാണ് അങ്ങനെ പറയേണ്ടിവന്നത്?

a. കുടുസുമുറിയിലേക്കു കാറ്റും വെളിച്ചവും കടക്കുന്നതിന്

b. തയ്യൽക്കടയിലെ തിരക്ക് ഒഴിവാക്കാൻ

c. ബാലമണ്ഡലം കേൾക്കാൻ

d. റേഡിയോയ്ക്ക് കണ്ഠശുദ്ധി വരുത്താൻ

ii. സന്ദർഭത്തിനാസ്പദമായ കഥ നടക്കുന്നതെവിടെ?

a. പാഴുതറയിൽ b. ആറാട്ടുകടവിൽ

c. പട്ടണത്തിൽ d. ആറാട്ടുകുന്നിൽ

(j) 'ഇവരറിയുന്നീലെന്നഭിമാനം'

i. മറ്റുള്ളവർ അറിയാതെ പോകുന്ന പുള്ളുവൻെറ അഭിമാനം എന്താണ്?

a. രാജകൊട്ടാരങ്ങളിലെ ആസ്ഥാന ഗായകനാണ്

b. മഹത്തായ കാവ്യപാരമ്പര്യത്തിലെ കണ്ണിയാണ്

c. തിരുവോണദിവസം പൂക്കളമൊരുക്കുന്നവനാണ്

d. പായും കുടയും നെയ്യുന്നവനാണ്



CamScanner

ii. 'ഓണമുറ്റത്ത്' എന്ന കവിത ഏത് സമാഹാരത്തിൽ നിന്നെടുത്തതാണ്?

a. കന്നിക്കൊയ്ത്ത് b. മാമ്പഴം

c. വിട d. മകരക്കൊയ്ത്ത്

ബി വിഭാഗം / Section – B

5. (a) അംഗവാക്യം - അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക. (2x1= 2)

i. വെയിലിൻെറ മുകൾത്തട്ടിലെവിടെനിന്നോ ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങിവന്നു.

ii. ചക്രം ചവിട്ടുമ്പോഴും സൂചി ഉയർന്നു താഴുമ്പോഴുമെല്ലാം അയാൾ അജ്ഞാതമായ ഒരു പാട്ടിനുവേണ്ടി കാതോർത്തു.

(b) വാക്യത്തിൽ തെററുണ്ടെങ്കിൽ തിരുത്തുക. (2x1= 2)

i. ചാക്കുണ്ണി ബാറ്ററിപ്പൊതി തുറന്ന് ദൈന്യത്തോടെ അയാളെ ദയനീയമായി നോക്കുകമാത്രം ചെയ്തു.

ii. മുഴുവൻ ചത്തവരും പാതിചത്തവരുമായ ആളുകളെ കൊണ്ടോ ഗജാശ്വങ്ങളെ കൊണ്ടും ഭൂമി ഭീമദർശനമായി.

(c) പ്രയോഗം മാററുക. (2x1= 2)

i. ഒരു പാറാവുകാരൻ വെള്ളായിയപ്പനെ തടവറയുടെ ഉള്ളുകളിലേക്ക് കൂട്ടിക്കൊണ്ടു പോകുന്നു.

ii. അയാൾ അപ്പോൾ പറഞ്ഞറിയിക്കാനാവാത്ത ഒരേകാന്തതയാൽ വലയം ചെയ്യപ്പെട്ടു.

(d) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക. (2x1= 2)

i. മുഖം തിരിക്കുക

ii. പ്രീണിപ്പിക്കുക

iii. ദീർഘായുസ്സ്



CamScanner

6. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

(a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. 5

നവമാധ്യമങ്ങളുടെ സ്വാധീനം വിദ്യാർത്ഥികളിൽ

**OR**

നഷ്ടപ്പെടുന്ന കാർഷികസംസ്കൃതി

(b) നിങ്ങളുടെ പരിസരപ്രദേശത്ത് പൊതുജനങ്ങൾക്ക് ശല്യം സൃഷ്ടിച്ചുകൊണ്ട് ലഹരിമരുന്ന് വില്പനയും ഉപയോഗവും നടക്കുന്നത് ശ്രദ്ധയിൽപ്പെടുത്തി-ക്കൊണ്ട് ജില്ലാകളക്ടർക്ക് ഒരു കത്ത് തയ്യാറാക്കുക. 5

(c) സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് രാജ്യത്തെ മികച്ച സൈനികനായി തെരഞ്ഞെടുക്കപ്പെട്ട നാട്ടിൻപുറത്തെ ഒരു പട്ടാളക്കാരന് നാടിന്റെ സ്നേഹാദരവും അഭിനന്ദന പ്രവാഹവും —ഒരു പത്രവാർത്ത തയ്യാറാക്കുക. 4

7. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്കു വീതം) (2 X 3 = 6)

(a) 'വിഷത്തെക്കാൾവർജ്യമാകും
നരചിത്തം ദുഷിക്കുകിൽ.' - ഈ വരികളിൽ തെളിയുന്ന ആശയം 'യുദ്ധത്തിന്റെ പരിണാമം' എന്ന പാഠത്തിലെ ഉചിതമായ സന്ദർഭവുമായി ബന്ധിപ്പിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

(b) "ഇതൊക്കെ കുട്ട്യോളെ പോലെ നോക്കണ്ട സാധനങ്ങളാണേ, റേഡിയോടെ പിന്നില് നോക്ക്യാ അറിയാം, ഒരു കുട്ടിടെ പടം". 'പണയം' എന്ന കഥയിൽ റേഡിയോ ശക്തമായൊരു സാന്നിധ്യമായിത്തീരുന്നതെങ്ങനെയെന്ന് കഥാസന്ദർഭങ്ങൾ പരിശോധിച്ച് വിശദീകരിക്കുക.

(c) "പൊതിച്ചോറിന് 'കടൽത്തീരത്ത്' എന്ന കഥയിൽ സവിശേഷമായ സ്ഥാനമാണ് ഉള്ളത്." പരിശോധിക്കുക.



CamScanner

8. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്കു വീതം) **(2 X 3 = 6)**

(a) ജീവിതത്തിന്റെ നശ്വരത ബോധ്യപ്പെടുത്തുന്നതിന് ശ്രീരാമൻ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്മണനോട് പറഞ്ഞത്? കണ്ടെത്തിയെഴുതുക.

(b) "പെറ്റു കിടക്കും തെരുവു പട്ടിക്കെന്തൊ –
രൂറ്റം കുരച്ചതു ചാടിക്കുതിക്കുന്നു"

- കാവ്യസന്ദർഭത്തിന് ഈ വരികൾ എങ്ങനെ മാറ്റുകൂട്ടുന്നു? വിശദീകരിക്കുക.

(c) 'ഒരുമയുടെയും സമഭാവനയുടെയും സന്ദേശമാണ് ഓണാഘോഷത്തിന്റെ അകക്കാമ്പ്.' വർത്തമാനകാലത്ത് ഈ പ്രസ്താവം എത്രമാത്രം പ്രസക്തമാണ്?'ഓണമുറ്റത്ത്' എന്ന കവിതയെ മുൻനിർത്തി പരിശോധിക്കുക.

9. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്കു വീതം) **(2 X 3 = 6)**

(a) 'ആടു കടിച്ചു നോക്കാത്ത ഇലയില്ല' എന്ന പഴമൊഴി പോലെ സ്വാമികൾ കൈവച്ചുനോക്കാത്ത ശാസ്ത്രമേഖലകളില്ലായിരുന്നു'. - പരിശോധിക്കുക

(b) ചട്ടമ്പിക്കു 'വിദ്യാധിരാജൻ' എന്ന വിശേഷണം ലഭിച്ചതെങ്ങനെ?

(c) ചട്ടമ്പിസ്വാമികളും ശ്രീനാരായണഗുരുവും തമ്മിൽ സൗഹൃദം സ്ഥാപിക്കുവാൻ ഇടയായതെങ്ങനെ? വിവരിക്കുക.



CamScanner